12 (15) **പെൻഷൻ പ്രായം ഉയർത്തുവാനുള്ള നിർദ്ദേശം**

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുവാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഉദിക്കുന്നില്ല.

13 (16) **ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർക്കാർ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര സ്ഥാപനങ്ങൾ നടത്തുന്നുണ്ടെന്നും അവ ഏതൊക്കെ ആണെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ഹെഡ് ക്വാർട്ടേഴ്സ് എവിടെയൊക്കെയാണെന്നും ഏതൊക്കെ തീയതികളിൽ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

14 (17) **സർവ്വീസിൽ നിന്ന് പിരിഞ്ഞവർ**

ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ലും 1999-ലും സർക്കാർ സർവ്വീസിൽ നിന്നും എത്രപേർ പെൻഷൻ പറ്റി പിരിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ബി) 1998-ലും 1999-ലും പി.എസ്.സി. മുഖേന എത്രപേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 1998-ൽ 23,204 പേർക്കും 1999-ൽ 18,717 പേർക്കും പി.എസ്.സി. മുഖേന ജോലി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly